MONDAY 22-08-2022 തിങ്കളാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ


## FARM INFORMATION BUREAU

Agriculture Development and Farmer's Welfare Department

GOVERNMENT OF KERALA

Chief Editor : Suraj S

Editor : Dr Saritha Vijayan K

Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

# FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:** piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS)-22/08/2022.

1. കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള വെള്ളാനിക്കര പച്ചക്കറി ശാസ്ത്ര വിഭാഗത്തിൽ കൂർക്ക തലകൾ വിൽപനയ്ക്ക് തയ്യാറായിട്ടുണ്ട്. ഒരു കൂർക്ക തലക്ക് ഒരു രൂപ എന്ന നിരക്കിൽ ലഭ്യമാണ്. വിൽപന സമയം 9 മണി മുതൽ 4 മണി വരെയായിരിക്കും.

2. സ്യൂഡോമോണാസ്, ട്രൈക്കോഡെർമ്മ, ബിവേറിയ തുടങ്ങിയ ജീവാണു കുമിൾ/കീടനാശിനികൾ മണ്ണുത്തിയിലുള്ള സെയിൽസ് സെന്റർ, വെള്ളാനിക്കരയിലെ സെൻട്രൽ നേഴ്സറി, ഹോർട്ടിക്കൾച്ചർ കോളേജിലെ BCCP യൂണിറ്റ്, കണ്ണാറ വാഴ ഗവേഷണ കേന്ദ്രം എന്നിവിടങ്ങളിൽ ലഭ്യമാണ്.

3. ചെങ്ങന്നൂർ സെൻട്രൽ ഹാച്ചറിയിൽ നിന്നും ഒരു ദിവസം പ്രായമായ അത്യുൽപാദന ശേഷിയുള്ള ജാപ്പനീസ് കാടക്കുഞ്ഞുങ്ങൾ 8 രൂപ നിരക്കിൽ തിങ്കൾ, വ്യാഴം ദിവസങ്ങളിൽ ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്ക് **0479-2452277, 9495805541** എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെടുക.

4. കേരള കാർഷിക സർവ്വകലാശാലയുടെ സെൻട്രൽ നഴ്സറിയിൽ **മോഹിത് നഗർ ഇനത്തിൽപ്പെട്ട അടയ്ക്ക തൈകൾ** ഒരു തൈക്കു 35 രൂപ നിരക്കിലും വേര് പിടിപ്പിച്ച **പന്നിയൂർ-1 കുരുമുളക് തൈകൾ** ഒരു തൈക്കു 10 രൂപ നിരക്കിലും വിൽപനയ്ക്കു തയ്യാറായിട്ടുണ്ട്. ആവശ്യമുള്ളവർക്ക് വിൽപന വിഭാഗത്തിൽ നിന്ന് ഇവ വാങ്ങിയ്ക്കാവുന്നതാണ്. വിശദ വിവരങ്ങൾക്ക് **0487-2438622** എന്ന ഫോൺ നമ്പറിൽ ബന്ധപ്പെടുക.

5. തൃശൂർ കൊക്കാല യൂണിവേഴ്സിറ്റി വെറ്ററിനറി ഹോസ്പിറ്റലിൽ സെപ്റ്റംബർ 01-ന് ആരംഭിക്കുന്ന ആറ് മാസം കാലദൈർഘ്യമുള്ള, സ്റ്റൈപെൻഡറി ട്രെയിനിങ് ഓൺ ലബോറട്ടറി ടെക്നിക്സ്, ഫാർമസി ആൻഡ് നഴ്സിംഗ് കോഴ്സിൽ സ്റ്റൈപ്പന്റോടുകൂടിയ പരിശീലനത്തിന് താൽപര്യമുള്ള അപേക്ഷകർ ആഗസ്റ്റ് 24 - ന് രാവിലെ 10.00 മണിക്ക് സ്ഥാപനത്തിൽ വെച്ച് നടത്തുന്ന ഇന്റർവ്യൂവിൽ നേരിട്ട് പങ്കെടുക്കേണ്ടതാണ്. അനിമൽ ഹസ്ബൻഡറി, പൗൾട്രി സയൻസ്, ഡയറി സയൻസ് എന്നീ കോഴ്സുകളിൽ വൊക്കേഷണൽ ഹയർ സെക്കൻഡറി പാസായവർക്ക്

അപേക്ഷിക്കാം. പ്രായപരിധി 25 വയസ്സ്. കൂടുതൽ വിവരങ്ങൾക്ക് ഓഫീസുമായി നേരിട്ടോ, **0487 –2423415** എന്ന ഫോൺ നമ്പറിലോ ബന്ധപ്പെടുക.

6. ആലപ്പുഴ ജില്ലയിലെ ചേർത്തല സൗത്ത് കൃഷിഭവനിൽ **ഞങ്ങളും കൃഷിയിലേക്ക്** പദ്ധതിയുടെ ഭാഗമായി പയർ, വെണ്ട, മുളക്, വഴുതന തുടങ്ങിയവയുടെ പച്ചക്കറി തൈകൾ കൃഷിഭവനിൽ വിതരണത്തിന് എത്തിയിട്ടുണ്ട്. ആവശ്യമുള്ളവർ കൃഷിഭവനിൽ വന്ന് കൈപ്പറ്റണമെന്ന് കൃഷി ഓഫീസർ അറിയിക്കുന്നു.

**പരിശീലന പരിപാടികൾ**

7. കാർഷിക സർവ്വകലാശാലയിലെ ഹൈടെക്ക് റിസർച്ച് ആന്റ് ട്രെയിനിംഗ് യൂണിറ്റിൽ **ഹൈഡ്രോപോണിക്സ്** കൃഷിരീതിയിൽ സെപ്റ്റംബർ 22 മുതൽ 24 വരെയുള്ള തീയതികളിൽ 3 ദിവസത്തെ പരിശീലനം സംഘടിപ്പിച്ചിരിക്കുന്നു. താൽപര്യമുള്ളവർ 0487 2960079, 9961533547, 9037033547 എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെട്ട് പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.

8. ആതവനാട് മൃഗസംരക്ഷണ പരിശീലനകേന്ദ്രവും വഴിക്കടവ് ഗ്രാമ പഞ്ചായത്തും സംയുക്തമായി ആഗസ്റ്റ് 27 ശനിയാഴ്ച **ആടുവളർത്തൽ** എന്ന വിഷയത്തിൽ ഓഫ് ക്യാമ്പസ് പരിശീലനം വഴിക്കടവ് ഗ്രാമപഞ്ചായത്ത് ഹാളിൽ വച്ച് രാവിലെ 10 മുതൽ അഞ്ചു വരെ സംഘടിപ്പിക്കുന്നു. താൽപര്യമുള്ളവർ **9846075281** എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

9. റബ്ബർബോർഡിന്റെ കീഴിലുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ് (എൻ.ഐ.ആർ.റ്റി.) റബ്ബറിന്റെ ശാസ്ത്രീയവിളവെടുപ്പിലുള്ള പരിശീലനം ആഗസ്റ്റ് 23-ന് നടത്തുന്നു. വിളവെടുപ്പ്, വിവിധയിനം ടാപ്പിങ്കത്തികളുടെ ഉപയോഗം, നൂതന ടാപ്പിങ്രീതികൾ, യന്ത്രവത്കൃത ടാപ്പിങ്, ഉത്തേജകൗഷധപ്രയോഗം എന്നിവ പരിശീലനത്തിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. കൂടുതൽ വിവരങ്ങൾക്ക് **0481 2353127** എന്ന ഫോൺ നമ്പരിലോ **04812351313** എന്ന വാട്സ്ആപ്പ് നമ്പരിലോ ബന്ധപ്പെടേണ്ടതാണ്.

10. **കൊല്ലം ജില്ലയിലെ സദാനന്ദപുരം കൃഷി വിജ്ഞാന കേന്ദ്രത്തിൽ പ്രവർത്തിച്ചുവരുന്ന ഡിസ്ട്രിക്ട് അഗ്രോമെറ്റ് യൂണിറ്റ് നൽകുന്ന കാർഷിക നിർദ്ദേശങ്ങൾ**

- മഴയെ തുടർന്ന് വാഴയിൽ സിഗെട്ടോക രോഗം മൂലം ഇലകരിച്ചിൽ കാണാൻ സാധ്യത ഉള്ളതിനാൽ സ്യൂഡോമോണാസ് 20 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ കലക്കി ഇലകളിൽ തളിക്കുക. വെള്ളക്കെട്ടുണ്ടായ സ്ഥലങ്ങളിൽ മാണം അഴുകൽ ഉണ്ടാകാനുള്ള സാധ്യത ഉള്ളതിനാൽ നീർവാർച്ച സൗകര്യം ഉറപ്പാക്കുക, മാണം അഴുകലിനെ പ്രതിരോധിക്കുന്നതിനായി വെള്ളം ഇറങ്ങിയ ശേഷം സ്യൂഡോമോണാസ് ലായനി ചുവട്ടിൽ ഒഴിച്ച് കൊടുക്കുക. കീടങ്ങളുടെ ആക്രമണം തടയുന്നതിന് 4 മുതൽ 5 മാസം പ്രായമായ വാഴയുടെ ഇളക്കവിളിൽ വേപ്പിൻകുരു ചതച്ചു ഇട്ടു കൊടുക്കുക.
- ചേനയിലെ **കടചീയൽ രോഗം** വ്യാപകമായി കണ്ടു വരുന്നു. രോഗ ബാധയുള്ള സ്ഥലങ്ങളിൽ ഇടയിളക്കലിനു ശേഷം കുമിൾനാശിനിയായ (MACOZEB + CARBENDAZIM) സാഫ് 3 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ കലക്കി ഒഴിച്ച് കൊടുക്കാവുന്നതാണ്.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരു.